തൃശ്ശൂർ നഗരവികസന അതോറിറ്റിയുടെ പ്രവർത്തനം

37(417) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ നഗരവികസന അതോറിറ്റിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) അതോറിറ്റി ശക്തൻതമ്പുരാൻ നഗറിൽ പണികഴിപ്പിച്ച കെട്ടിടത്തിന്റെ ചെലവ് എത്ര ; ഇത് എന്നുമുതൽ തുറന്നു പ്രവർത്തിക്കാൻ കഴിയും ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെടുന്ന കണ്ടംകുളങ്ങര സ്കീം അനുസരിച്ച് എത്ര റോഡുകൾ നിർമ്മിച്ചു; ഇതിനായി എത്ര സംഖ്യ ചെലവഴിച്ചു ;

(ഡി) തൃശ്ശൂർ നഗരവികസന അതോറിറ്റി പദ്ധതി പ്രദേശത്ത് ഏതൊക്കെ സ്ഥലങ്ങളിലാണ് ഭൂമിയിൽ നിർമ്മാണ പ്രവർത്തനം മരവിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) മാസ്റ്റർ പ്ലാൻ അനുസരിച്ച് പദ്ധതികൾ പൂർത്തിയാക്കുന്നതിന് പുതിയ കമ്മിറ്റി എന്തൊക്കെ പരിപാടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ)

1. തൃശ്ശൂർ നഗരവികസന അതോറിറ്റിയുടെ പ്രവർത്തന പരിധിയിൽ വരുന്ന പ്രദേശങ്ങളുടെ സമഗ്രവും ആസൂത്രിതവുമായ വികസന പദ്ധതികൾ തയ്യാറാക്കുക, ഏകോപിപ്പിക്കുക, നടപ്പിലാക്കുക.

2. നഗരതല ദീർഘകാല ആസൂത്രണ വികസന പദ്ധതികളും, പ്രാദേശികതല വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കുക.

(ബി) ശക്തൻതമ്പുരാൻ നഗറിലെ വാണിജ്യ സമുച്ചയത്തിനായി ഇതുവരെ ഒരു കോടി നാല്പത്തി ഏഴുലക്ഷത്തി മുപ്പത്തി അയ്യായിരത്തി നാനൂറ്റിതൊണ്ണൂറു രൂപ (1,47,35,490) ചെലവഴിച്ചു. തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ അനുമതി ലഭിച്ചു കഴിഞ്ഞാൽ നാലുമാസത്തിനകം നിർമ്മാണം പൂർത്തിയാക്കാൻ കഴിയും.

(സി) നാലു റോഡുകൾ ഇതിനായി 80 ലക്ഷം രൂപ ചെലവഴിച്ചു.

(ഡി) മൊത്തം 120.26 ച:കിലോ മീറ്റർ വിസ്തൃതിയുള്ള അതോറിറ്റി മേഖലയിലെ 32.3 ച:കിലോ മീറ്റർ സ്ഥലത്ത് ചില നിബന്ധനകൾക്കു വിധേയമായി വികസനപ്രവർത്തികൾ നിയന്ത്രിച്ചിട്ടുള്ളതൊഴിച്ചാൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒരിടത്തും മരവിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കേണ്ട വിവിധ സർക്കാർ വകുപ്പുകൾ, തദ്ദേശഭരണസ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, നഗരാസൂത്രണ പദ്ധതികൾ ഘട്ടംഘട്ടമായി മുൻഗണനാക്രമത്തിൽ നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

അറവുശാലയ്ക്കു ധനസഹായം

38(418) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ ഒരു ആധുനിക അറവുശാല നിർമ്മിക്കുവാൻ സർക്കാർ സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതു പദ്ധതി പ്രകാരമാണിതെന്നും ആയതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കൊയിലാണ്ടി മുനിസിപ്പൽ പ്രദേശത്ത് ആധുനിക അറവുശാല നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ മുനിസിപ്പാലിറ്റി സർക്കാരിനു സമർപ്പിച്ചിട്ടില്ല. നഗരസഭകളിലെ അറവുശാലകൾ നവീകരിക്കുന്നതിനുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിയനുസരിച്ച് മൊത്തം ചെലവിന്റെ 50 ശതമാനം കേന്ദ്ര സർക്കാരും 25 ശതമാനം വീതം സംസ്ഥാന സർക്കാരും ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയും വഹിക്കുന്നതാണ്.

ഹജ്ജ് തീർത്ഥാടനം

39(419) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിന്ന് ഈ വർഷം ഹജ്ജിന് എത്ര പേർ പോയിരുന്നു ;

(ബി) ഹജ്ജ് തീർത്ഥാടനം ഔദ്യോഗികമായി അവസാനിപ്പിച്ചതെന്നാണ് ;

(സി) സംസ്ഥാനത്ത് നിന്ന് ഹജ്ജ് തീർത്ഥാടനത്തിന് പോയവരെ തിരിച്ചുകൊണ്ടുവരുവാൻ തുടങ്ങിയത് എന്ന് മുതലായിരുന്നു ;

(ഡി) ഇത് സംബന്ധിച്ച കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഇ) ഹജ്ജ് തീർത്ഥാടനം കഴിഞ്ഞ് ജിദ്ദയിൽ തങ്ങുവാൻ നിർബന്ധിതരായവരുടെ താമസവും സുഖസൗകര്യങ്ങളും ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നുവെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly